കെ.എസ്.ഇ.ബി.-ക്ക് പിരിഞ്ഞുകിട്ടേണ്ട തുക

20 (405) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കെ.എസ്.ഇ.ബി.-ക്ക് വിവിധ വിഭാഗങ്ങളിൽ നിന്നും പിരിഞ്ഞ് കിട്ടേണ്ട തുക എത്രയെന്ന് വിശദമാക്കുമോ;

(ബി) സർക്കാർ, പൊതുമേഖല, മറ്റ് സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും പിരിഞ്ഞ് കിട്ടേണ്ട തുക സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) പ്രസ്തുത തുക പിരിച്ചെടുക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) 30-9-2015-ലെ ത്രൈമാസ കണക്കുപ്രകാരം കെ.എസ്.ഇ.ബി. ലിമിറ്റഡിന് വിവിധ വിഭാഗങ്ങളിൽനിന്നും പിരിഞ്ഞു കിട്ടാനുള്ള വൈദ്യുതി ചാർജ്ജ് കുടിശ്ശികയുടെ വിവരം താഴെ കൊടുക്കുന്നു:

	രൂപ കോടിയിൽ
1. സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ	120.86
2. പൊതുമേഖലാ സ്ഥാപനങ്ങൾ	1108.86
3. തദ്ദേശ ഭരണ സ്ഥാപനങ്ങൾ	3.31
4. കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ	0.28
5. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ	48.36
6.അന്തർ സംസ്ഥാന വിൽപ്പന വഴിയുള്ളത്.	5.11
7. സ്വകാര്യ സ്ഥാപനങ്ങൾ	664.69
8. ലൈസൻസികൾ	12.60
9. സ്വാശ്രയ സ്ഥാപനങ്ങൾ	0.05
	1964.12

(ബി) സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയിൽനിന്നും പിരിഞ്ഞു കിട്ടേണ്ട തുക സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു* .

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കുടിശ്ശിക വരുത്തുന്ന ഉപഭോക്താവിന്റെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുക, കണക്ഷൻ ഡിസ്മാന്റിൽ ചെയ്യുക, അതിനുശേഷവും കുടിശ്ശിക അടയ്ക്കാത്ത ഉപഭോക്താവിന്റെ പേരിൽ റവന്യു റിക്കവറി നടപടികൾ ആരംഭിക്കുക എന്നീ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. കൂടാതെ ദീർഘകാല കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിനായി 'ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി'കളും നടപ്പിലാക്കുന്നുണ്ട്.

റൂഫ് ടോപ്പ് സോളാർ പാനൽ പദ്ധതി

21 (406) ശ്രീ. കെ. മുരളീധരൻ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. എം.എ. വാഹീദ്:
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റൂഫ് ടോപ്പ് സോളാർ പാനൽ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ താഴെ ചേർക്കുന്നു:

1. നാഷണൽ താരിഫ് പോളിസിയും സംസ്ഥാന റെഗുലേറ്ററി കമ്മിഷൻപുറപ്പെടുവിച്ച ചട്ടങ്ങളും നിഷ്കർഷിക്കുന്ന തോതിൽ നവീകരണീയ വൈദ്യുതി ഉത്പാദിപ്പിച്ച് നവീകരണോർജ്ജ ക്രയബാധ്യത നിറവേറ്റുക.
2. പ്രസരണ വിതരണ സംവിധാനങ്ങളിലുണ്ടാകുന്ന വൈദ്യുതി നഷ്ടം കുറയ്ക്കുക.
3. ഉപഭോക്താവിന് നിർദ്ദിഷ്ട വോൾട്ടേജിലുള്ള വൈദ്യുതി ലഭ്യമാക്കുക.
4. ഹരിത ഊർജ്ജം പരമാവധി ഉത്പാദിപ്പിച്ച് സംസ്ഥാനത്ത് ഊർജ്ജ സുരക്ഷ ഉറപ്പാക്കുക.
5. സോളാർ പദ്ധതികൾ സ്ഥാപിക്കാനുള്ള കേരളത്തിന്റെ സ്ഥല പരിമിതിക്ക് റൂഫ് ടോപ്പ് ഒരു പരിഹാരമാക്കുക.

LIBRARY ARCHIVES Kerala Legislative Assembly